**No. CEE/3900/PGH/2019/TA3**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## പി.ജി. ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ്–2019–20 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു.

2019–20 അദ്ധ്യയനവർഷത്തെ ബിരുദാനന്തര ബിരുദ ഹോമിയോ (എം.ഡി) കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നട പടിക്രമങ്ങൾ **15.10.2019 (ചൊവ്വാഴ്ച)** ആരംഭിക്കും. ഈ ഘട്ടത്തിൽ പ്രവേശന നടപ ടികൾ ഓൺലൈനായി ആണ് നടത്തപ്പെടുക. ആദ്യ ഘട്ട സ്പോട്ട് അലോട്ട്മെന്റിനു ശേഷം വിവിധ ഹോമിയോ കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്കായി രിക്കും അലോട്ട്മെന്റ് നടക്കുക. വിദ്യാർത്ഥികൾക്ക് തിരുവനന്തപുരം, കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കും രണ്ടാം ഘട്ട ത്തിലും ഓൺലൈനായി ഓപ്ഷൻ സമർപ്പിക്കാൻ അവസരം ലഭിക്കും. ആദ്യ ഘട്ട സ്പോട്ട് അലോട്ട്മെന്റിലൂടെ പ്രവേശനം നേടിയവർക്കും രണ്ടാം ഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തിയാകും അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്. **15.10.2019** മുതൽ **18.10.2019, ഉച്ചയ്ക്ക് 12.00 മണി വരെ** ഓൺലൈനായി ഓപ്ഷനു കൾ രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. **19.10.2019 ന്** രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2019 ഒക്ടോബർ 24**–നകം കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെട്ട വിജ്ഞാപനം www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123.** (10.00 AM TO 5.00 PM)

തിരുവനന്തപുരം
14.10.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**